പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2159 07.12.2015-ൽ മറുപടിക്ക്

കെ.എസ്.ആർ.ടി.സി.യിലെ വൈദ്യുതി ചെലവ്

ചോദ്യം

ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ :

ഉത്തരം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | വൈദ്യുതി ചെലവിനത്തിൽ പ്രതി മാസം കെ.എസ്.ആർ.ടി.സി. മൊത്തമായി എന്തു തുക ചെല വഴിക്കുന്നുണ്ട് ; | (എ) | കെ.എസ്.ആർ.ടി.സി, പ്രതിമാസം 27.99 ലക്ഷം രൂപ വൈദ്യുതിയിനത്തിൽ ചെലവഴി ക്കുന്നുണ്ട്. |
| (ബി) | വൈദ്യുതി ഉപയോഗം കുറയ്ക്കു ന്നതിന് മറ്റ് എന്തെങ്കിലും ബദൽ സംവിധാനം കൂടി ഏർപ്പെടുത്തുന്ന കാര്യം ആലോചിക്കുന്നുണ്ടോ; | (ബി) യും (സി) യും | നിലവിൽ ചങ്ങനാശ്ശേരി ഡിപ്പോയിൽ 3 KWA ശേഷിയുള്ള സോളാർ പാനൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. ഫണ്ടിന്റെ ലഭ്യതയനുസരി ച്ചോ പ്രായോജകരെ ലഭിക്കുമെങ്കിലോ കൂടുതൽ ഡിപ്പോകളിൽ ഇത് സ്ഥാപിക്കുന്ന താണ്. |
| (സി) | ഉണ്ടെങ്കിൽ അതിന് എന്തെങ്കിലും സംവിധാനങ്ങൾ നടപ്പാക്കിയിട്ടു ണ്ടോ; | | |
| (ഡി) | ഇല്ലെങ്കിൽ പ്രതിമാസം വൈദ്യുതി ചെലവ് കുറച്ചുകൊണ്ടുവരാനും അത്യാവശ്യമുള്ള ഇടത്ത് മാത്രം വൈദ്യുതി ഉപയോഗം നിലനിർ ത്തി ചെലവ് ചുരുക്കുന്നതിനും നടപടി സ്വീകരിക്കുമോ : | (ഡി) | വൈദ്യുതി ഉപഭോഗം കുറക്കുന്നതിലേയ്ക്ക് ആവശ്യമായ അച്ചടക്കം പാലിക്കുന്നതിനുള്ള ബോധവൽക്കരണം നടത്തിവരുന്നു. കൂടാതെ ഉയർന്ന ഊർജ്ജോപഭോഗമുള്ള സോഡിയം ലാമ്പുകളുടെ സ്ഥാനത്ത് കഴിയു ന്നത്ര കുറഞ്ഞ ഉപഭോഗമുള്ള സി.എഫ്.എൽ /എൽ.ഇ.ഡി ബൾബുകൾ ഉപയോഗിച്ചു വരുന്നു. |
| (ഇ) | കഴിഞ്ഞ ആറ് മാസമായി കെ.എസ്.ആർ.ടി.സി. ഭവനിൽ പ്രതിമാസം എന്ത് തുക വൈദ്യുതി ബിൽ ഇനത്തിൽ നൽകി വരുന്നു | (ഇ) | ട്രാൻസ്പോർട്ട് ഭവനിലെ പ്രതിമാസ വൈദ്യുതി ബിൽ പ്രകാരമുള്ള തുകയിൽ വാടകക്കാരായ ആർ.റ്റി.ഒ., രജിസ്ട്രേഷൻ വകുപ്പ്, സപ്ലൈകോ എന്നിവരുടെ വൈദ്യുതി |

| | |
|---|---|
| എന്ന് വിശദവിവരം നൽകാമോ? | ബിൽ തുക കഴിച്ച് കഴിഞ്ഞ ആറു മാസക്കാലത്തെ കെ.എസ്.ആർ.ടി.സി.യുടെ ബിൽ തുകയുടെ പ്രതിമാസ കണക്ക് ചുവടെ ചേർക്കുന്നു.<br>05/2015 - 1,45.949/- രൂപ<br>06/2015 - 1.34.077/- രൂപ<br>07/2015 - 1.41.165/- രൂപ<br>08/2015 - 1,26.679/- രൂപ<br>09/2015 - 1.26.895/- രൂപ<br>10/2015 - 1.28.655/- രൂപ |

സെക്ഷൻ ഓഫീസർ